**പതിമൂന്നാം കേരള നിയമസഭ**
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5877**

**28.10.2011 - ൽ മറുപടിയ്ക്ക്**

## ആശ്രിത നിയമനം

| ചോദ്യം<br>ശ്രീ. സണ്ണി ജോസഫ് | | ഉത്തരം<br>ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) പോലീസുകാരുടെ മരണത്തെ തുടർന്ന് ആശ്രിതർക്ക് നൽകുന്ന നിയമനത്തിന് മിനിസ്റ്റീരിയൽ തസ്തികകളുടെ കുറവ് കാരണം താമസം നേരിടുന്ന സാഹചര്യത്തിൽ ഇവരെ മറ്റ് വകുപ്പുകളിലേക്ക് നിയമനത്തിന് പരിഗണിക്കാൻ സർക്കാർ തീരുമാനം എടുക്കുമോ ; | (എ) | പോലീസ് വകുപ്പിൽ ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിക്കുന്നവരിൽ ഭൂരിഭാഗവും മിനിസ്റ്റീരിയൽ തസ്തികകളാണ് ആവശ്യപ്പെടുന്നത്. പോലീസ് വകുപ്പിൽ മിനിസ്റ്റീരിയൽ തസ്തിക വളരെ കുറവായതിനാൽ അപേക്ഷകൾ വിശദമായ പരിശോധനയ്ക്ക് ശേഷം പ്രൊഫോർമ പൊതുഭരണ (സി ഇ സെൽ) വകുപ്പിന് നൽകുകയും സീനിയോരിറ്റിയിൽ ഇവരുടെ ഊഴം എത്തുന്ന മുറക്ക് മറ്റ് വകുപ്പുകളിൽ നിയമനം നൽകിവരികയും ചെയ്യുന്നു. അതുകൊണ്ട് തന്നെ ടി തസ്തികകളിൽ അപേക്ഷകർ കൂടുതലാണ്. അപേക്ഷകരുടെ അപേക്ഷ തീയതിയുടെ മുൻഗണനാക്രമത്തിൽ മറ്റ് വകുപ്പുകളിലേക്കും നിയമനം നിലവിൽ പരിഗണിക്കുന്നുണ്ട്. |
| (ബി) ഇല്ല എങ്കിൽ വനിതാ പോലീസ് നിയമനത്തിൽ ഇവർക്ക് വയസ് ഇളവ് അനുവദിക്കാൻ തീരുമാനം എടുക്കുമോ ? | (ബി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ